**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4481** **06-03-2023 - ൽ മറുപടിയ്ക്ക്**

**അരൂർ മണ്ഡലത്തിലെ പുരപ്പുറ സൗരോർജ്ജ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | അരൂർ നിയോജകമണ്ഡലത്തിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം കെ.എസ്.ഇ.ബി.എൽ. മുഖേന ഇതുവരെ 243 പേരും അനെർട്ട് മുഖേന 19 പേരും (പ്ലാന്റുകളുടെ ആകെ ശേഷി 71.5 കിലോ വാട്ട് ) രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ നാളിതുവരെ എത്ര പേർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. മുഖേന നാളിതുവരെയായി 'സൗര' സബ്സിഡി സ്കീമിൽ 139 നിലയങ്ങളും (473 kwp) 'സൗര' നോൺസബ്സിഡി സ്കീമിൽ (Phase-I) കെ.എസ്.ഇ.ബി. മുതൽ മുടക്കിൽ 8 നിലയങ്ങളും (39 kwp) സ്ഥാപിച്ചു.<br><br>പ്രസ്തുത പദ്ധതിയിൽ നാളിതുവരെ 4 പേർക്കായി (18.5 കിലോവാട്ട്) 3,97,700/- രൂപയുടെ ധനസഹായം അനെർട്ട് മുഖേന നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിൽ അംഗങ്ങളാകാൻ പുതിയ അപേക്ഷ സ്വീകരിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (സി) | സബ്സിഡി സ്കീമിൽ (Phase II) **ekiran.kseb.in** എന്ന പോർട്ടൽ മുഖേന ഉപഭോക്താവിന് രജിസ്റ്റർ ചെയ്യാൻ കഴിയും. നിലയം സ്ഥാപിച്ച് പൂർത്തിയാക്കാനുള്ള തീയതി 2023 മാർച്ച് 23 ആണ്. |
| (ഡി) | പദ്ധതിയുമായി ബന്ധപ്പെട്ട് ഉണഭോക്താക്കൾക്ക് ലഭിക്കുന്ന സേവനവും ഉണഭോക്തൃ വിഹിതം എത്രയെന്നും വിശദമാക്കാമോ? | (ഡി) | 'സൗര' സബ്സിഡി പദ്ധതി ഗാർഹിക ഉപഭോക്താക്കൾക്ക് വേണ്ടി മാത്രമുള്ള പദ്ധതിയാണ്. ഈ പദ്ധതിയുടെ ഭാഗമായി 1 മുതൽ 3 കിലോവാട്ട് ശേഷിവരെയുള്ള നിലയങ്ങൾക്ക് 40 ശതമാനം സബ്സിഡിയും 4 മുതൽ 10 കിലോവാട്ട് വരെ ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്നുള്ള ഓരോ കിലോവാട്ടിനും 20 ശതമാനം സബ്സിഡിയുമാണ് കേന്ദ്രസർക്കാർ നൽകുന്നത്. 10 കിലോവാട്ടിന് മുകളിൽ സബ്സിഡിയില്ല. എന്നാൽ ഗ്രൂപ്പ് ഹൗസിംഗ് സൊസൈറ്റികൾ, ഫ്ലാറ്റുകൾ എന്നിവയ്ക്ക് പരമാവധി 500 കിലോവാട്ടുവരെ (ഒരു വീടിന് പരമാവധി 10 |

| | | | |
|---|---|---|---|
| | | | കിലോവാട്ട് എന്ന കണക്കിൽ) പ്ലാന്റ് സ്ഥാപിക്കുന്നതിന് 20 ശതമാനം സബ്സിഡി ലഭിക്കുന്നതാണ്.<br><br>ഉപഭോക്താക്കൾക്ക് അനെർട്ട് മുഖേന രജിസ്ററർ ചെയ്ത് സൗര നിലയങ്ങൾ സർക്കാർ ധനസഹായത്തോടെ സ്ഥാപിക്കാ വുന്നതാണ്. ഇതിനായുള്ള ഉപഭോക്തൃ വിഹിതം **അനുബന്ധമായി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| Sl. No. | Plant Capacity | Total Amount | Subsidy Amount | Amount to be Paid |
|---|---|---|---|---|
| 1 | 2 kW | 1,35,000.00/- | 39,274.65/- | 95,725.34/- |
| 2 | 3 kW | 1,90,500.00/- | 57,382.51/- | 1,33,117.48/- |
| 3 | 4 kW | 2,33.424.40/- | 57,400.00/- | 1,76,024.40/- |
| 4 | 5 kW | 2,83,366.40/- | 65,600.00/- | 2,17,766.40/- |
| 5 | 6 kW | 3,73,479.10/- | 73,800.00/- | 2,99,679.10/- |
| 6 | 8 kW | 4,72,277.30/- | 90,200.00/- | 3,82,077.30/- |
| 7 | 10 kW | 5,36,876.20/- | 1,05,698.00/- | 4,31,178.20/- |

Section Officer